**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3856** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര സാന്ത്വന ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകർക്കായി ക്ഷീര സാന്ത്വന ഇൻഷ്വറൻസ് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖാന്തിരം ക്ഷീര കർഷകർക്കായി ക്ഷീര സാന്ത്വന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിന്റെ ഇൻഷ്വറൻസ് പ്രീമിയം ആരാണ് അടയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് അംഗങ്ങളായ ക്ഷീര കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയം തുകയുടെ 50 % ഗുണഭോക്താവും ബാക്കി 50 % സബ്സിഡിയായി കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡും ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നു.<br><br>ക്ഷീരസാന്ത്വനം പദ്ധതിയിലേക്ക് 2023-24 സാമ്പത്തിക വർഷത്തിൽ മേഖലാ യൂണിയൻ വിഹിതമായി, മലബാർ മേഖലാ യൂണിയൻ 39,78,500/- രൂപയും, എറണാകുളം മേഖലാ യൂണിയൻ 24,21,000/- രൂപയും തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ 15,20,500/- രൂപയും നൽകിയിട്ടുണ്ട്. |
| (സി) | ഇൻഷ്വറൻസ് തുക ക്ഷീര കർഷകന് താങ്ങാവുന്നതിനും അപ്പുറമായതിനാൽ കർഷക ഇൻഷ്വറൻസിനൊപ്പം മൃഗങ്ങൾക്കു വേണ്ടിയുള്ള ഇൻഷ്വറൻസ് പ്രീമിയം കൂടി സർക്കാർ അടയ്ക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കന്നുകാലി ഇനഷ്വറൻസ് പദ്ധതിയായ 'ഗോസമൃദ്ധി-എൻ.എൽ.എം' പദ്ധതിയിൽ 65,000 രൂപ മതിപ്പു വിലയുള്ള ഉരുക്കൾക്ക് ജനറൽ വിഭാഗത്തിൽ പ്രീമിയം തുകയുടെ 50% വും എസ്.സി/എസ്.ടി വിഭാഗത്തിൽ പ്രീമിയം തുകയുടെ 70% വും സർക്കാർ സബ്സിഡിയായി നൽകുന്നു. |

സെക്ഷൻ ഓഫീസർ